Cochin International Airport Limited (CIAL) രാജ്യത്തെ അന്തർദേശിയ യാത്രികരുടെ എണ്ണത്തിൽ നാലാം സ്ഥാനവും ആകെയുള്ള യാത്രികരുടെ എണ്ണത്തിൽ ഏഴാം സ്ഥാനവും അലങ്കരിക്കുന്നു. സിയാൽ ഉപയോഗപ്പെടുത്തുന്ന പത്ത് ശതമാനം യാത്രികർ 202 വിദേശ രാജ്യങ്ങളിൽ നിന്നുള്ള അന്തർദേശീയ യാത്രികരാണ്. 2021-ഓടെ 6 ദശലക്ഷം അന്താരാഷ്ട്ര യാത്രികർ ഉൾപ്പെടെ 12 ദശലക്ഷം യാത്രക്കാരും 2028-ഓടെ പതിനെട്ട് ദശലക്ഷം യാത്രക്കാരും സിയാൽ ഉപയോഗപ്പെടുത്തുമെന്നാണ് പഠന വിധേയമാക്കിയിരിക്കുന്നത്. ഇതിനനുതരിച്ച് 1000 കോടി രൂപ മുതൽമുടക്കിൽ തുടക്കം കുറിച്ച് ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യവികസനവും 2016-ൽ പൂർത്തിയാകും. വിവിധ ഹൈവേകളുമായുള്ള ട്രാഫിക് കണക്ടിവിറ്റി സിയാലിൽ റെയിൽവേ സ്റ്റേഷനോടുകൂടിയുള്ള റെയിൽ കണക്ടിവിറ്റി, ഉൾനാടൻ ജലഗതാഗത കണക്ടിവിറ്റി, മെട്രോ കണക്ടിവിറ്റി എന്നീ സാധ്യതകളെ ഉപയോഗപ്പെടുത്തിയുള്ള സമഗ്ര വികസനമാണ് സിയാൽ വിഭാവനം ചെയ്തിട്ടുള്ളത്.

സംസ്ഥാനത്തെ മറ്റ് രണ്ട് എയർപോർട്ടുകളായ തിരുവനന്തപുരം, കോഴിക്കോട് ഉടൻ പൂർത്തിയാക്കുന്ന കണ്ണൂർ, സമീപ എയർപോർട്ടുകളായ തൃച്ചി, മംഗലൂരു, കോയമ്പത്തൂർ, സേലം, മധുര എന്നീ എയർപോർട്ടുകൾ സിയാലുമായി 150 മുതൽ 350 കിലോമീറ്റർ മാത്രം ദൂരത്തിലുള്ളതും റോഡുമാർഗ്ഗം രണ്ടര മുതൽ അഞ്ച് മണിക്കൂർ വരെ യാത്രാസമയവും വ്യോമമാർഗ്ഗം 20 മുതൽ 40 മിനിട്ട് യാത്രാ സമയവും മാത്രമാണുള്ളത്. ഇക്കാര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെയും ദക്ഷിണേന്ത്യയിലെയും എയർ കണക്ടിവിറ്റിയും വ്യോമയാന വികസനവും മുൻനിർത്തി സിയാലിനെ കരട് വ്യോമയാന നയത്തിൽ വിഭാവനം ചെയ്യുന്ന International Hub Category-യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30-12-2014-ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാരിന്റെ മദ്യനയം

9(*9) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ മദ്യനയം വികലവും അപ്രായോഗികവുമാണെന്ന് കണ്ടെത്തിക്കൊണ്ട് സുപ്രീംകോടതി സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അപ്പീൽ തള്ളിക്കൊണ്ടുള്ള സുപ്രീംകോടതി വിധിന്യായം സംബന്ധിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്തു ബാറുകൾക്ക് ലൈസൻസ് നൽകണമെന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ പോകാൻ നിയമോപദേശം നൽകിയതാരായിരുന്നു; അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നു; അപ്പീൽ നൽകാനുള്ള തീരുമാനം സർക്കാരിന്റെ ഏത് തലത്തിലാണ് എടുത്തിരുന്നത്;

(സി) അപ്പീൽ ഹർജിയിൽ സുപ്രീംകോടതിയിൽ വാദം നടത്താൻ ഏത് വക്കീലിനെയായിരുന്നു സർക്കാർ ചുമതലപ്പെടുത്തിയീരുന്നത്;വിശദമാക്കാമോ;

(ഡി) ബാർലൈസൻസ് കാര്യത്തിൽ കേരളത്തിൽ അത്ഭുതകരമായ കാര്യങ്ങളാണ് നടക്കുന്നത് എന്ന് സുപ്രീംകോടതി നിരീക്ഷീക്കാനിടയായ സാഹചര്യം എന്തൊക്കെയാണെന്ന് പരിശോധിക്കുകയുണ്ടായോ;

(ഇ) മദ്യ വർജ്ജനത്തിന് സഹായകരമായ ഒരു മദ്യനയത്തിന് രൂപം നൽകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിയമപരമായ ഇടപെടൽ ആവശ്യമില്ല എന്നാണ് ഉത്തരവായത്. സർക്കാർ ഫയൽ ചെയ്ത അപ്പീൽ ഡിസ്മിസ് ചെയ്യുകയും പരാതിക്കാർക്ക് ഹൈക്കോടതി മുമ്പാകെയുള്ള അപ്പീൽ പെറ്റീഷൻ വേഗത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷിക്കാമെന്നും മേൽ അപ്പീൽ ഡിസ്മിസ് ചെയ്യുകൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിടുകയാണുണ്ടായത്.

(ബി) 31-12-2014-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ബഹു. സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചത്. ബഹു. ഹൈക്കോടതിയുടെ W P (C) 10286/2014 കേസിലെ വിധിക്കെതിരെ അപ്പീൽ സാധ്യതയില്ലായെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിരുന്നു.

(സി) സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. വി. ഗിരിയാണ് സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായത്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതി അപ്പീൽ ഡിസ്മിസ് ചെയ്യുകൊണ്ടുള്ള ഉത്തരവിൽ അപ്രകാരം ഒരു നിരീക്ഷണവും നടത്തിയിട്ടില്ല.

(ഇ) മദ്യവർജ്ജനത്തിലൂന്നി "മദ്യ രഹിത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന ഒരു മദ്യനയമാണ് സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഈ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly